ശ്രീ. ചെർക്കളം അബ്ദുള്ള : 2002-03 സാമ്പത്തിക വർഷത്തിലെ പണം ചെലവഴിക്കുന്നത്, മാർച്ച് മാസത്തിൽ ആണ്. താമസിച്ചാണ് പണം കൊടുത്തത് എന്നുള്ളതുകൊണ്ടും, ട്രഷറി ബാൻ നിലവിലുണ്ടായിരുന്നതുകൊണ്ടും കുറച്ചു തുക ചെലവഴിക്കാൻ കഴിഞ്ഞില്ല എന്നതുകൊണ്ടാണ് ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ ചെക്കുകൾ honour ചെയ്യണമെന്നുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുത്തത്. പണിയെടുത്തവനുമാത്രം അല്ലേ കൂലി കിട്ടുകയുള്ളൂ.

(2) ജോലിക്കിടയിൽ അപകടത്തിൽപ്പെടുന്ന കെ. എസ്.ആർ.ടി.സി. ജീവനക്കാർക്ക് മറ്റു തസ്തികകളിൽ നിയമനം

പ്രൊഫ. എ. ഡി. മുസ്തഫ : സർ, കെ.എസ്.ആർ.ടി.സി.-യിലെ ഒരു വിഭാഗം ജീവനക്കാർ വലിയ ഒരു ഭീഷണി നേരിടുകയാണ്. ഓടുന്ന ബസ്സിലെ ഡ്രൈവർ അല്ലെങ്കിൽ കണ്ടക്ടർ പല അപകടങ്ങളിലും പെട്ടുകഴിഞ്ഞാൽ അവരെ കെ.എസ്.ആർ.ടി.സി. സർവ്വീസിൽ നിന്ന് പുറത്താക്കുന്ന ഒരു സാഹചര്യം നിലനിൽക്കുകയാണ്. ഇന്ന് അപകടമെന്നു പറയുന്നത് രണ്ട് സെക്കന്റിൽ ഒരു അപകടം—നമ്മുടെ രാജ്യത്ത് നടക്കുകയാണ്. അതിൽ മൂന്നാമത്തെ സ്ഥാനം, ബോംബെ, കൽക്കത്ത എന്നിവ കഴിഞ്ഞാൽ കേരളമാണ്. ഈ കാര്യത്തിൽ ഒരു ദാരുണമായ ഉദാഹരണം ചൂണ്ടിക്കാണിക്കുകയാണ്. 2000 ജൂലൈയിൽ പി.എസ്.സി. മുഖേന ജോലി ലഭിച്ച ഒരു ബസ് ഡ്രൈവറാണ് കണ്ണൂർ ജില്ലയിലെ മട്ടന്നൂർ പ്രദേശത്തെ പത്മനാഭൻ കരിന്ത എന്ന ആൾ. 2001 മേയ് മാസത്തിൽ അദ്ദേഹത്തിന്റെ ജോലി സ്ഥിരപ്പെടുകയാണ്. 2001 ജൂൺ 6-ാം തീയതി കോട്ടയത്തുനിന്നും കീഴ്പള്ളിയിലേക്ക് വരുന്നവഴി മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ എന്ന പ്രദേശത്തുവച്ച് രാത്രി 10.30-ന് മിനി ലോറിയിൽ ബസ് ഇടിച്ചു. അദ്ദേഹത്തിന്റെ രണ്ടു കാലും ഏഴു സ്ഥലത്ത് പൊട്ടി. കൈ മൂന്ന് സ്ഥലത്ത് പൊട്ടി. ഒന്നരവർഷക്കാലം കോഴിക്കോട് മെഡിക്കൽ കോളേജിലും തലശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റലിലും പരിയാരം മെഡിക്കൽ കോളേജിലും ചികിൽസ നടത്തി. 7 ശസ്ത്രക്രിയ നടത്തി. മൂന്നരലക്ഷം രൂപ അദ്ദേഹത്തിന് ചെലവായി. ഇപ്പോഴും അദ്ദേഹത്തിന് നന്നായി എണീറ്റ് നടക്കാൻ പറ്റാത്ത സാഹചര്യമാണ്. 7 മാസക്കാലം കെ.എസ്.ആർ.ടി.സി. അദ്ദേഹത്തിന് പ്യൂൺ തസ്തികയിൽ തൽക്കാലത്തേയ്ക്ക് ജോലി കൊടുത്തു. ഇപ്പോൾ അദ്ദേഹത്തിന് ഓർഡർ വന്നിരിക്കുന്നു ഡ്രൈവർ തസ്തികയിൽ തന്നെ ജോലിക്ക് ചേരണമെന്ന്. ശരിയ്ക്ക് നടക്കാൻപോലും കഴിയാത്ത ഇദ്ദേഹത്തിന് മറ്റേതെങ്കിലും തസ്തിക നൽകണം. അദ്ദേഹത്തിന് 3 കുട്ടികളുണ്ട്. വളരെ ദാരുണമായ സ്ഥിതിയിലാണ് അദ്ദേഹം കഴിയുന്നത്. ഈ കാര്യത്തിൽ യോഗ്യതയുള്ള മറ്റേതെങ്കിലും ജോലി നൽകി ജീവിക്കാനാവശ്യമായ സാഹചര്യം ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : സബ്മിഷനായിട്ട് തരുമായിരുന്നല്ലോ. കാളിംഗ് അറ്റെൻഷന് മിനക്കെടാതെ.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : അദ്ദേഹം പറഞ്ഞ വ്യക്തിയുടെ കാര്യം അന്വേഷിക്കാം. എനിക്ക് ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല. കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവറും കണ്ടക്ടറും ഒഴികെ ബാക്കിയുള്ളവർ ഓഫീസിലാണ് ജോലി ചെയ്യുന്നത്. അവിടത്തെ ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രശ്നം എല്ലാപേർക്കും other duty വേണമെന്നുള്ളതാണ്. ഡ്രൈവർമാർ അല്ലാത്ത വേറെ ഡ്യൂട്ടി. കണ്ടക്ടറാണെങ്കിൽ കണ്ടക്ടറല്ലാത്ത വേറെ ഡ്യൂട്ടി. അതിന് ഞങ്ങൾ other duty എന്നാണ് പറയുന്നത്. യഥാർത്ഥ ജോലി ചെയ്യാൻ ആളില്ല. നമുക്ക് രണ്ട് കാരണങ്ങളാൽ അത് നടക്കുകയില്ല. അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശമനുസരിച്ചേ തസ്തികകളിലേയ്ക്ക് ആളെ വയ്ക്കാൻ സാധിക്കൂ. ആ തസ്തികളിൽ വച്ചിരിക്കുന്ന ആളുകളെക്കാൾ കൂടുതൽ പി.എസ്.സി.യിൽ നിന്ന് ആളുകളെ എടുക്കാൻ നമുക്ക് പറ്റുകയില്ല. മറ്റൊന്ന് ഗവൺമെന്റു തന്നെ ഈ കാര്യം പരിശോധിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തും ഇത് നിലവിലിരുന്നതാണ്. ഇത് പുതിയ കാര്യമല്ല. ഒരു ചെറിയ കാലംകൊണ്ട് നിലവിൽ വന്നതല്ല. തസ്തികമാറ്റം അനുവദിക്കാൻ പറ്റില്ല എന്നു പറഞ്ഞ് ഗവണ്മെന്റ്....

മി. സ്പീക്കർ : അദ്ദേഹം പറഞ്ഞത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഒരു ആക്സിഡന്റ് വന്നാൽ...

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അങ്ങ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ആളാണല്ലോ. അതിന് നിയമമുണ്ട്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ കുഴപ്പം വന്നാൽ Workmen's Compensation Act അനുസരിച്ച് ആനുകൂല്യം ലഭിക്കാൻ ട്രെയ്ഡ് യൂണിയൻ റൈറ്റും മറ്റും ഉള്ളവരാണ് അവർ. Workmen's Compensation Act അതനുസരിച്ച് ആനുകൂല്യങ്ങൾ കൊടുക്കുകയല്ലാതെ മറ്റ് ജോലി കൊടുക്കാൻ പ്രൊവിഷൻ നമ്മുടെ രാജ്യത്ത് ഒരു നിയമത്തിലുമില്ല. കെ.എസ്.ആർ.ടി.സി.-യിൽ മാത്രം ഇത്രയെങ്കിലുമുണ്ട്. ഇത്തരം ഒരു വ്യവസ്ഥ ഒരു നിയമത്തിലുമില്ല. അതുകൊണ്ട് കോമ്പൻസേഷൻ കൊടുക്കുകയല്ലാതെ...

മി. സ്പീക്കർ : If he is fit to do some other work ?.....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : Pardon.

Mr. Speaker : If he is fit to do some other work ?.....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : No. That has been barred by the Honourable High Court and also by the Public Service Commission.

Mr. Speaker : ഗവൺമെന്റിന് വേണമെങ്കിൽ .....they can consider it.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഞാൻ അതിലേയ്ക്ക് വരികയാണ്. പി.എസ്.സി. 18-4-2001-ൽ വളരെ കർശനമായി പറഞ്ഞിട്ടുണ്ട്, ജീവനക്കാരുടെ തസ്തികമാറ്റം ഒരു കാരണവശാലും അനുവദിക്കാൻ പാടില്ലായെന്ന് 18-4-2001-ൽ മൂന്നാമത്തെ പ്രാവശ്യം പി.എസ്.സി. ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനുശേഷം കെ.എസ്.ആർ.ടി.സി. ഒരു കമ്മിറ്റിയെ വച്ചു. മെഡിക്കൽ ബോർഡുണ്ടാക്കി. ആ മെഡിക്കൽ ബോർഡ് ഇത് പരിശോധിക്കുകയും കഴിവില്ലാത്ത ആളുകൾക്ക് ആദ്യം മൂന്ന് മാസം other duty കൊടുക്കുകയും ചെയ്തു. other duty എന്നു പറഞ്ഞാൽ അദ്ദേഹം പറഞ്ഞതുപോലെയുള്ള ജോലികളാണ്. അപ്പോൾ അഡീഷണലായിട്ടാണ് അവർക്ക് ശമ്പളം കൊടുക്കേണ്ടിവരിക. അത് താങ്ങാനുള്ള കഴിവില്ല. രണ്ടാമത് വീണ്ടും കുഴപ്പമുണ്ടെന്നു കണ്ടാൽ ഒരു മൂന്ന് മാസംകൂടി മെഡിക്കൽ ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

എക്സ്റ്റെൻഷൻ കൊടുക്കും. അതുകഴിഞ്ഞ് ഒന്നും ചെയ്യാൻ അവകാശമില്ല. ഇന്നത്തെ നിയമമനുസരിച്ച് ഒന്നും ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് ഈ ജോലിക്ക് നിയമപരമായ ആനുകൂല്യങ്ങൾ കൊടുക്കുകയല്ലാതെ ഗവൺമെന്റിന്റെ ഉത്തരവ് അനുസരിച്ച് തസ്തികമാറ്റം പാടില്ല എന്നുണ്ട്. 1994-ൽ ഗവണ്മെന്റ് വീണ്ടും ഉത്തരവ് ഇറക്കിയിട്ടുണ്ട്. രണ്ട് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ...

മി. സ്പീക്കർ : ശ്രീ. ബാലകൃഷ്ണപിള്ള മന്ത്രിയായിരിക്കുമ്പോഴാണോ അതിനൊന്നും വശമില്ലാത്തത് ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഞാൻ എന്തു ചെയ്യും ? ഞാനിത് പരിശോധിച്ചു. ഇതൊക്കെ ഞാൻ നേരത്തേ പരിശോധിച്ചു.

മി. സ്പീക്കർ : ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ ഉണ്ടായ ഒരു സംഭവമായതുകൊണ്ട് അയാൾക്ക് വേറെ ഏതെങ്കിലും ജോലി ചെയ്യാൻ അനുവദിക്കണം. അല്ലാതെ പറഞ്ഞയയ്ക്കുന്നത് ശരിയാണോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഞാൻ അത് പറയാം. ഞാൻ നേരത്തേ മന്ത്രിയായിരുന്ന കാലത്ത് ഇത് പൂർണ്ണമായും ചെയ്തുകൊണ്ടിരുന്നു. പി.എസ്.സി.-ക്കും ഓഡിറ്റ് പോയിന്റ് ഓഫ് വ്യൂവിനും ഇത് സാദ്ധ്യമല്ല എന്നു വന്നപ്പോൾ ഉദ്യോഗസ്ഥന്മാരും കുഴഞ്ഞു.

മി. സ്പീക്കർ : അതൊക്കെ ഓവർ റൂൾ ചെയ്യണം. Cabinet has got the right to over-rule this.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഞാൻ മുമ്പ് അത് ചെയ്തിരുന്നു. ഇത്ര സ്നേഹം കാണിക്കുന്ന ശ്രീ. ബിനോയ് വിശ്വം കഴിഞ്ഞ പ്രാവശ്യം ചെയ്താൽ മതിയായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഞാനിത് ചെയ്തിരുന്നു. ഇപ്പോൾ കഴിഞ്ഞ കുറെ നാളുകളിലായി 6 മാസത്തിൽ കൂടുതൽ ഒരുമിച്ച് പറ്റില്ലായെന്ന് എല്ലാപേരും കൂടെ ചേർന്ന് എടുത്ത തീരുമാനത്തിന്റേയും ഗവൺമെന്റ് ഉത്തരവിന്റേയും വെളിച്ചത്തിൽ പറ്റില്ല. ജോലിയിൽ ഇരിക്കുമ്പോൾ അപകടം പറ്റിയ ആളുകൾക്ക് 55 വയസ്സുവരെ ശമ്പളം കൊടുത്തുകൊണ്ടിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഞാൻ തന്നെ അത് ചെയ്തിരുന്നു. ഈ കുഴപ്പങ്ങൾ വന്നു. പി.എസ്.സി. പറയുന്നത് അങ്ങനെ വരുമ്പോൾ പ്യൂൺ പോസ്റ്റിലേയ്ക്കും മറ്റും പി.എസ്.സി. നേരിട്ട് എടുക്കുന്ന ആളുകൾക്ക് ജോലി കിട്ടാതെ വരുമെന്നാണ്. ആ പോസ്റ്റേ വരികയില്ല എന്നാണ് പറയുന്നത്. അതിലേയ്ക്ക് പോകാൻ ധാരാളം ആളുകൾ തയ്യാറാണ്. അവിടെയാണ് പ്രശ്നം. അവിടെ കമ്മ്യൂണൽ റൊട്ടേഷന്റേയും മറ്റും കാര്യങ്ങൾ പാലിക്കപ്പെടാൻ കഴിയുകയില്ല. വളരെ എലിജിബിൾ കേസിൽ കൊടുക്കാൻപോലും അവർ സമ്മതിക്കുന്നില്ല. പി.എസ്.സി.ക്ക് ഒക്കെ നമ്മൾ പല പ്രാവശ്യം എഴുതി നോക്കി. എങ്ങനെ നമ്മൾ ഓവർകം ചെയ്യണമെന്ന് എല്ലാപേരുംകൂടി പറയുകയാണെങ്കിൽ നിയമമുണ്ടാക്കണം. ഈ സഭയിൽ തന്നെ ഒരു നിയമം പാസ്സാക്കണം. നമുക്ക് അത് ഓവർ റൂൾ ചെയ്യണമെങ്കിൽ ഈ സഭ ഒരു നിയമം പാസ്സാക്കണം. വേറെ ഒന്ന് പറയാം. ഇതു മുഴുവൻ വരുന്നത്...അങ്ങ് പറഞ്ഞതല്ല ഇവിടത്തെ പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ പ്രശ്നമൊക്കെ പരിഹരിക്കപ്പെടുന്നുണ്ട്. അതൊക്കെ വലിയ ബഹളമില്ലാതെ നടക്കുന്നുണ്ട്. അവിടത്തെ പല ആളുകൾക്കും ജോലി ചെയ്യാൻ വയ്യ. എല്ലാപേർക്കും അദർ ഡ്യൂട്ടിയാണ് വേണ്ടത്. ഈമാതിരി കാര്യങ്ങളിൽ വളരെ അയഞ്ഞ സമീപനമാണ് സ്വീകരിക്കുന്നത്. കഴിയുന്നിടത്തോളം അത് ചെയ്യാൻ ശ്രമിക്കുകയും ചെയ്യാം. അത് എങ്ങനെ റ്റെ-ഓവർ ചെയ്യാൻ കഴിയുമെന്ന് പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. മുസ്തഫ പറഞ്ഞ രീതിയിൽ ജോലിയിലിരിക്കെ അപകടം ഉണ്ടാകുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ കുടുംബം അനാഥമാകാതിരിക്കാൻ കഴിയുന്ന കാര്യങ്ങളൊക്കെ ഇപ്പോഴും ചെയ്യുന്നുണ്ട്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വ്യക്തിപരമായി എഴുതിത്തന്നാൽ പരിശോധിക്കാം.

പ്രൊഫ. എ. ഡി. മുസ്തഫ : തസ്തിക മാറ്റാൻ പ്രയാസമുണ്ടെങ്കിൽ വർക്കിംഗ് അറേഞ്ച്മെന്റ് എന്ന നിലയിൽ മറ്റ് ജോലി നൽകി സഹായിക്കാൻ പറ്റുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അതൊക്കെ പറഞ്ഞല്ലോ. വർക്കിംഗ് അറേഞ്ച്മെന്റ് സിൽ ഒരാളെ വച്ചാൽ സർവ്വീസ് കമ്മീഷൻ ലിസ്റ്റിൽ നിന്ന് ആളെ എടുക്കാൻ പറ്റാതെ വരും. അങ്ങനെ വന്നാൽ കെ.എസ്.ആർ.ടി.സി.യിൽ പ്യൂൺ തസ്തികയിലേക്ക്.....ആ തസ്തികയാണല്ലോ എല്ലാപേർക്കും വേണ്ടത്. കാരണം വേറെ ജോലിയൊന്നുമില്ലല്ലോ—പ്യൂൺ തസ്തികയിലേയ്ക്ക് ഒരിക്കലും പി.എസ്.സി. റിക്രൂട്ട്മെന്റ് നടക്കുകയേയില്ല.

III സബ്മിഷൻ

(1) ജൂവനൈൽ ഹോമുകളുടെ പ്രവർത്തനം

ശ്രീ. എം. വി. ജയരാജൻ : സർ, കേരളത്തിലെ ജൂവനൈൽ ഹോമുകളിലെ കാലികമായ പ്രശ്നങ്ങളാണ് സാമൂഹ്യക്ഷേമവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ജൂവനൈൽ ഹോമിൽ എത്തുന്ന ഭൂരിപക്ഷം കുട്ടികളും കുറ്റവാളികളല്ല. പല കുട്ടികളും അനാഥരാണ്. സമ്പന്ന വീടുകളിലെ പീഡനം സഹിക്കവയ്യാതെയാണ് പല കുട്ടികളും വന്നിട്ടുള്ളത്. ഇങ്ങനെ എത്തുന്ന കുട്ടികളാണ് ഏറെപ്പേരും. കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, കലാകായിക മേഖലയിലെ അവരുടെ അഭിരുചി ഇതൊക്കെ കണക്കിലെടുത്തുകൊണ്ട് വളർത്തിക്കൊണ്ടുപോയാൽ മാത്രമേ അവരെ മാനസികമായി മാറ്റാൻ കഴിയൂ. എല്ലാപേരും കുറ്റവാളികളല്ല. അവർക്ക് ആവശ്യമായിട്ടുള്ള വസ്ത്രമില്ല, ചെരുപ്പ് ഇല്ല. ആവശ്യമായ ഭക്ഷണം നൽകുന്നതിനുള്ള സംവിധാനം ഇപ്പോൾ പല സ്ഥലങ്ങളിലുമില്ല. സാമൂഹ്യമായ ഒറ്റപ്പെടലാണ് ഇങ്ങനെയൊരു മാനസികമായിട്ടുള്ള പിരിമുറുക്കം അവരിൽ സൃഷ്ടിക്കുന്നത്. ഇവിടെനിന്നും പുറത്തുവരുന്നവർ കുറ്റവാളികളാകും വിധത്തിലാണ് ഇപ്പോഴത്തെ സ്ഥിതിഗതികൾ. സ്ഥിരമായി ജീവനക്കാരില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്, കേരള കലാമണ്ഡലം, സ്കൂൾ ഓഫ് ഫൈൻ ആർട്സ്, സ്കൂൾ ഓഫ് ഡ്രാമ, വാസ്തുശില്പ കലാപരിശീലന കേന്ദ്രം, ഉണ്ണായിവാര്യർ കേന്ദ്രം, സ്പോർട്ട്സ്

LIBRARY ARCHIVES Kerala Legislative Assembly